പ്രൊവിഡൻറ് ഫണ്ടിൽനിന്നുള്ള വായ്പ

1156 [1844] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരം രൂപാവരെയുള്ള സംഖ്യ പ്രൊവിഡൻറ് ഫണ്ടിൽനിന്നും താൽക്കാലികവായ്പ അനുവദിക്കുന്നതിന് അസിസ്റ്റൻറ് എഡ്യൂക്കേഷണൽ ആഫീസർമാർക്ക് അധികാരം നൽകുന്നതിന് ഗവൺമെൻറ് നടപടി കൈക്കൊള്ളുമോ;

(ബി) അതുപോലെ രണ്ടായിരം രൂപാവരെയുള്ള സംഖ്യ പ്രൊവിഡൻറ് ഫണ്ടിൽനിന്ന് തിരിച്ചടയ്ക്കാത്തനിലയിലുള്ള വായ്പയായി അനുവദിക്കുന്നതിന് ഡി.ഇ.ഒ. മാർക്ക് അധികാരം നൽകുന്നതിനും ഗവൺമെൻറ് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം പരിശോധിച്ചു യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പാർട്ടൈം അദ്ധ്യാപകർ

1157 [1846] ശ്രീ. സി.എ. കുര്യൻ:
,, പി. ശങ്കർ:
,, വി.കെ. രാജൻ:
,, എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പാർട്ടൈം അദ്ധ്യാപകരുണ്ട്;

(ബി) പാർട്ടൈം സർവ്വീസ് ഗ്രേഡിനും പെൻഷനും അംഗീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

ഫയൽ നമ്പർ: ബി5.11673/78

1158 [1847] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്പർ: ബി5.11673/78 ഡേറ്റഡ്: 18.10.78 എന്ന ഫയൽ എറണാകുളം ആർ.ഡി.ഡി. ഓഫീസിൽ ലഭിച്ചതെന്നാണ്;

(ബി) 25.1.77-ൽ ഗ്രേഡ് റ്റി ഫിക്സ് ചെയ്തുകിട്ടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കാൻ ഇത്രയും കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഫയൽ ആർ.ഡി.ഡി. ആഫീസിൽ നിന്ന് ഡി.ഇ.ഒ. ആഫീസിലേക്ക് എത്ര തവണ അങ്ങോട്ടും ഇങ്ങോട്ടുംഅയച്ചു;

(ഡി) ഇനിയും കാലതാമസം വരുത്താതെ ഈ ഫയലിൻമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23.10.78-ൽ

(ബി) സർവ്വീസ് ബുക്കിലെ ചില ന്യൂനതകൾ പരിഹരിച്ചു കിട്ടേണ്ടിയിരുന്നതുകൊണ്ടും ആഫീസിൽ ജോലിത്തിരക്കുണ്ടായിരുന്നതു കൊണ്ടും അൽപ്പം കാലതാമസം നേരിട്ടു.

(സി) മൂന്നുതവണ.

(ഡി) ആർ.ഡി.ഡി. വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ട്രെയിനിംഗ് സ്കൂളുകൾ

1159 [1849] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിനിംഗ് സ്കൂളുകളുടെ ഉന്നമനത്തിന് വേണ്ടി ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

പ്രാഥമികാദ്ധ്യാപക പരിശീലനം പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയുക്തമായ വിദ്ഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് തത്വത്തിൽ ഗവൺമെൻറ് അംഗീകരിക്കുകയും സമിതിയുടെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപന പരിശീലന പാഠപദ്ധതി ആധുനികധാരണകൾക്കനുസൃതമായി പരിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്. മെച്ചമായ യോഗ്യതയുള്ള അദ്ധ്യാപകരെ ട്രെയിനിംഗ് സ്കൂളുകളിൽ നിയമിക്കുന്നതിനും ഇപ്പോൾ ഉള്ള അദ്ധ്യാപകർക്ക് പുതുക്കിയ പാഠ്യപദ്ധതിയിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അദ്ധ്യാപകപരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യയനസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പല നടപടികളും ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുണ്ട്. യൂണിസെഫിൽനിന്നും ലഭിച്ച ശാസ്ത്രോപകരണങ്ങളും പുസ്തകങ്ങളും ഭൂരിഭാഗം സർക്കാർ ട്രെയിനിംഗ് സ്കൂളുകൾക്കും ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഏതാനും സ്വകാര്യ വിദ്യാലയങ്ങൾക്കു കൂടി ഇവ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളിലെ താമസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുക ആദിയായ കാര്യങ്ങളും ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly